# കാലാവസ്ഥാ മുന്നറിയിപ്പും കാർഷിക നിർദ്ദേശങ്ങളും

## കണ്ണൂർ ജില്ല

(പ്രാബല്യം: **29.06.2022** മുതൽ **03.07.2022** വരെ)

# കാലാവസ്ഥാ മുന്നറിയിപ്പും കാർഷിക നിർദ്ദേശങ്ങളും

(പ്രാബല്യം: : 29.06.2022 മുതൽ 03.07.2022 വരെ)

## കണ്ണൂർ ജില്ല

കേരള കാർഷിക സർവ്വകലാശാല പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം പിലിക്കോട്-ഉം ഇന്ത്യ കാലാവസ്ഥാ വകുപ്പും സംയുക്തമായി പുറത്തിറക്കുന്നത്

| ബുള്ളറ്റിൻ നമ്പർ: പിലിക്കോട്/കെ.എൻ.ആർ 51/2022 | തീയ്യതി: 28/06/2022 |
|---|---|

### എ. പിന്നിട്ട ദിവസത്തെ അഞ്ച് കാലാവസ്ഥ

| മഴ, മി.മീ | കൂടിയ താപനില, °C | കുറഞ്ഞ താപനില, °C | ആപേക്ഷിക ആർദ്രത, % | കാറ്റിന്റെ വേഗത, കി.മീ/മണിക്കൂർ |
|---|---|---|---|---|
| 92.6 | 30. 0– 34.0 | 22.9 – 25.5 | 79 - 95 | 04 - 10 |

### ബി. വരുന്ന അഞ്ച് ദിവസങ്ങളിലേക്കുള്ള കാലാവസ്ഥാ മുന്നറിയിപ്പ്


| സൂചിക | 29-06-2022 | 30-06-2022 | 01-07-2022 | 02-07-2022 | 03-07-2022 |
|---|---|---|---|---|---|
| മഴ, മി.മീ | 15 | 20 | 17 | 5 | 3 |
| കൂടിയ താപനില, °C | 33 | 32 | 32 | 32 | 32 |
| കുറഞ്ഞ താപനില, °C | 23 | 24 | 24 | 24 | 24 |
| കൂടിയ ആപേക്ഷിക ആർദ്രത, % | 90 | 90 | 90 | 90 | 90 |
| കുറഞ്ഞ ആപേക്ഷിക ആർദ്രത, % | 82 | 82 | 82 | 82 | 82 |
| കാറ്റിന്റെ വേഗത, കി.മീ/മണിക്കൂർ | 8 | 8 | 8 | 8 | 8 |
| കാറ്റിന്റെ ദിശ, ഡിഗ്രി | 270 | 270 | 270 | 270 | 270 |
| മേഘ വിന്യാസം, ഒക്ടാ | 8 | 8 | 8 | 8 | 8 |

### സി. കാർഷിക നിർദ്ദേശങ്ങൾ

| വിള | ഘട്ടം | പ്രശ്നങ്ങൾ | കാർഷിക നിർദ്ദേശങ്ങൾ |
|---|---|---|---|
| **പൊതു നിർദ്ദേശങ്ങൾ** | **ഒറ്റപ്പെട്ടയിടങ്ങളിൽ കനത്തമഴ** | | |
| | കനത്തമഴ (ഇരുപത്തിനാലു മണിക്കൂറിൽ 115.5 മില്ലി വരെ) ലഭിക്കും വിസ്തൃത മഴ പ്രവചനമനുസരിച്ച് അടുത്തയാഴ്ചയും മഴ ലഭിക്കാൻ സാധ്യതയുണ്ട്<br>ഉയർന്ന അന്തരീക്ഷ ആർദ്രത അനുഭവപ്പെടും. ആകാശം പൂർണമായും മേഘാവൃതമായിരിക്കും. അന്തരീക്ഷ ഊഷ്മാവ് സ്വാധാരണയിൽ കുറവായിരിക്കും | | |

| | | | |
|---|---|---|---|
| <u>**പൊതു നിർദ്ദേശങ്ങൾ**</u> | **കഴിഞ്ഞ ദിവസങ്ങളിൽ അനുഭവപ്പെട്ട ഉയർന്ന താപനിലയും ഉയർന്ന അന്തരീക്ഷ ആർദ്രതയും ചീച്ചൽ, വാട്ടം എന്നീ രോഗങ്ങൾ പടരുന്നതിനുള്ള സാഹചര്യമാണ്. വ്യത്യസ്ത വിളകൾക്ക് താഴെ പറഞ്ഞത് പ്രകാരമുള്ള നിയന്ത്രണ മാർഗ്ഗങ്ങൾ അവലംബിക്കുക.**<br>**വീണുകിടക്കുന്ന തേങ്ങാ, അടക്ക എന്നിവ പൂർണമായും നീക്കം ചെയ്യുക. രോഗം വന്നു നശിച്ച മരങ്ങൾ പൂർണമായും മുറിച്ചുമാറ്റി തീയിട്ടു നശിപ്പിക്കണം. തോട്ടങ്ങളിൽ നല്ല നീർ വാർച്ച ഉറപ്പുവരുത്തുക.**<br>മൃദു കാണ്ഡ വിളകളായ വാഴ, പച്ചക്കറികൾ, താങ്ങുകൾ ആവശ്യമുള്ള കിഴങ്ങുവർഗ്ഗങ്ങൾ എന്നിവയ്ക്ക് ശക്തമായ താങ്ങുകൾ നൽകുക.<br>വളം, വിത്ത്, കാലിത്തീറ്റകൾ എന്നിവ ഈർപ്പം തട്ടാത്തതും കീടങ്ങൾ ഇല്ലാത്തതുമായ മുറികളിൽ ഉയർത്തികെട്ടി പലക പാകിയ പ്രതലങ്ങളിൽ മേൽ സൂക്ഷിക്കുക.<br>വൃക്ഷ വിളകൾ നടുമ്പോൾ,ചെടികൾ തമ്മിൽ ശാസ്ത്രീയമായ അകലം ഉറപ്പാക്കണം. മേൽ മണ്ണിന്റെ കൂടെ ജൈവ വളങ്ങൾ മിശ്രിതം ചെയ്തു വേണം കുഴികൾ മൂന്നിൽ രണ്ടു ഭാഗം നിറക്കാൻ. വർഷ കാലം തുടങ്ങുന്നതോടുകൂടി തൈകൾ നടാം.<br>**ഗ്രാഫ്റ്റ് / ഒട്ടിച്ച ബഡ് തൈകൾ നടുമ്പോൾ ഒട്ടിച്ച ഭാഗം താരനിരപ്പിനു രണ്ടു മുതൽ മൂന്നു സെ. മീ. മുകളിൽ ആയി വരത്തക്കവണ്ണം നടുക. ഓട്ടിനു താഴെ രൂപം കൊള്ളുന്ന ഇലകൾ, ശിഖരങ്ങൾ എന്നിവ അറുത്തു മാറ്റിക്കൊണ്ടിരിക്കുക.** | | |
| നെല്ല് | പറിച്ചു നട്ടയിടങ്ങൾ | തണ്ടുതുരപ്പൻ<br> | ട്രൈക്കോഗ്രാമ്മ മുട്ട കാർഡുകൾ ഉപയോഗിക്കാവുന്നതാണ് ഒരു ഏക്കറിന് രണ്ട് . കാർഡുകളാണ് ഉപയോഗിക്കേണ്ടത്<br>ആക്രമണം ഉണ്ടെങ്കിൽ ക്ലോറാൻട്രാനിലിപ്രോൽ 18.5% W/W SC 3മില്ലി 10 ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ തയ്യാറാക്കിതളിക്കുക. |
| നെല്ല് | പറിച്ചു നട്ടയിടങ്ങൾ | ഓല ചുരുട്ടി പുഴു<br> | ഓല ചുരുട്ടി പുഴു ആക്രമണം ഉണ്ടെങ്കിൽ മുള്ളുള്ള കമ്പു വലിച്ചു ഓലചുരുളുകൾ തുറക്കുക.<br>ആക്രമണം രൂക്ഷമാണെങ്കിൽ മാത്രം ഫ്ലൂബാൻ ഡൈ അമൈഡ് 1 മില്ലി 10 ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ കലർത്തി തളിച്ച് കൊടുക്കുക. |

| | | | |
|---|---|---|---|
| തെങ്ങ് | വിവിധ ഘട്ടം | ചെന്നീരൊലിപ്പ്<br> | രോഗം വന്ന ഭാഗം ചെത്തി വൃത്തിയാക്കി ബോർഡോ കുഴമ്പ് പുരട്ടി കൊടുക്കുക. 1 % വീര്യമുള്ള ബോർഡോ മിശ്രിതം (40 ലിറ്റർ വീതം) 2 മീറ്റർ ചുറ്റളവിൽ തെങ്ങിൻ തടത്തിൽ ഒഴിച്ച് കൊടുക്കുക.അല്ലെങ്കിൽ ഹെക്സകൊണാസോൾ/ കോൺടാഫ് 25 മില്ലി 25 ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ കലക്കി 4 മാസ ഇടവേളകളിൽ മണ്ണിൽ ഒഴിച്ച് കൊടുക്കുക.<br><br>ഒരു മാസത്തിനു ശേഷം 5 കി ഗ്രാം ട്രൈക്കോഡർമ സമ്പുഷ്ടമാക്കിയ വേപ്പിൻ പിണ്ണാക്ക്, 500 ഗ്രാം വീതം സൂക്ഷ്മ മൂലക മിശ്രിതം (അയർ), എന്നിവ തടത്തിൽ വിതറി മണ്ണുമായി ഇളക്കി ചേർക്കുക.<br><br>രോഗം നിലനിൽക്കുന്ന പ്രദേശങ്ങളാണെങ്കിൽ മുൻകരുതലായി എല്ലാ തെങ്ങിനും 5 കി ഗ്രാം ട്രൈക്കോഡർമ സമ്പുഷ്ടമാക്കിയ വേപ്പിൻ പിണ്ണാക്ക്, 500 ഗ്രാം വീതം സൂക്ഷ്മ മൂലക മിശ്രിതം (അയർ), എന്നിവ തടത്തിൽ വിതറി മണ്ണുമായി ഇളക്കി ചേർക്കുക. |
| തെങ്ങ് | വിവിധ ഘട്ടം | കൂമ്പു ചീയൽ<br> | കൂമ്പുചീയൽ ഉണ്ടായാൽ പ്രാരംഭ ഘട്ടത്തിൽ തന്നെ രോഗം ബാധിച്ച ഭാഗങ്ങൾ ചെത്തിമാറ്റി നശിപ്പിക്കുകയും മുറിവിൽ ബോഡോ കുഴമ്പു പുരട്ടുകയും ചെയ്യുക. തുടർന്ന് പുതുനാമ്പു വരുന്നത് വരെ കൂമ്പിനെ ഒരു പ്ലാസ്റ്റിക് കടലാസുപയോഗിച്ചു പൊതിഞ്ഞു മഴ വെള്ളം ഇറങ്ങാതെ സംരക്ഷിക്കുക.<br>സമീപത്തുള്ള തെങ്ങുകളുടെ കുരുത്തോലക്കും ചുറ്റുമുള്ള ഓലക്കവിളുകളിലും ഒരു ശതമാനം വീര്യമുള്ള ബോഡോ മിശ്രിതം തളിക്കുക.<br>ദുർബല മേഖലകളിൽ, തെങ്ങുകളുടെ പ്രതിരോധ ശേഷി ഉയർത്താൻ സൂക്ഷ്മ മൂലകങ്ങൾ ഉൾപ്പെടുന്ന സമഗ്ര പോഷക മൂലക പരിപാലനം ഉണ്ടായിരിക്കണം. |
| കുരുമുളക് | നടീൽ സമയം | വാട്ട രോഗം<br> | മുൻകരുതലായി ട്രൈക്കോഡർമ സമ്പുഷ്ടമാക്കിയ വേപ്പിൻ പിണ്ണാക്ക്-ചാണക മിശ്രിതം 150 ഗ്രാം വീതം തടത്തിൽ വിതറി മണ്ണുമായി ചേർത്തിളക്കുക..<br>രോഗ ലക്ഷണങ്ങൾ കണ്ടു തുടങ്ങിയാൽ റെഡോമിൽ രണ്ടു ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ കലർത്തി ഇലകളിലും തണ്ടിലും തളിക്കുക |

| | | | |
|---|---|---|---|
| വാഴ | വിവിധ ഘട്ടം | ഇലപ്പുള്ളി രോഗം  | തടത്തിൽ വെള്ളം കെട്ടിനിൽക്കാതിരിക്കാൻ വേണ്ടുന്ന നടപടികൾ സ്വീകരിക്കുക. മുൻകരുതലായി സ്യൂഡോമോണസ് ലായനി (20 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ തയ്യാറാക്കിയത്) രണ്ടാഴ്ചയിടവേളകളിൽ തളിക്കുക<br><br>രോഗം ബാധിച്ചാൽ:- രോഗം ബാധിച്ച ഇലകൾ വെട്ടി മാറ്റി തീയിട്ടു നശിപ്പിക്കുക. കാർബൻഡാസിം അല്ലെങ്കിൽ മാങ്കോസബ് ഇവ രണ്ടാഴ്ച ഇടവേളയിൽ മാറി മാറി 2 മില്ലി. ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ കലർത്തി തളിക്കുക |
| വെള്ളരിവർഗ വിളകൾ | വിവിധ ഘട്ടം | മൃദുരോമ പൂപ്പൽ രോഗം  | മൃദുരോമ പൂപ്പൽ രോഗം : മാങ്കോസെബ് 3 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ ആഴ്ച തോറും തളിച്ച് കൊടുക്കുക.രോഗം കാണുകയാണെങ്കിൽ അക്കോമിൻ 3 മില്ലി ഒരു ലിറ്റർ വെള്ളത്തിൽ എന്ന അനുപാതത്തിൽ 15 ദിവസ ഇടവേളകളിൽ മൂന്നു തവണ തളിക്കുക. രോഗബാധിത ഇലകൾ പറിച്ചെടുത്തു തീയിട്ടു നശിപ്പിക്കുക. |
| ഇഞ്ചി | വിവിധ ഘട്ടം | ബാക്റ്റീരിയൽ വാട്ടം   | രോഗബാധയില്ലാത്തിടങ്ങളിൽ നിന്ന് ശേഖരിച്ച വിത്തിഞ്ചി മാത്രം നടാൻ ഉപയോഗിക്കുക. നടുന്നതിനു മുൻപ് വിത്തിഞ്ചി സ്ട്രെപ്റ്റോസൈക്ലിൻ 200 മില്ലി ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ കലക്കി തയ്യാറാക്കിയ ലായനിയിൽ മുപ്പതു സെക്കന്റ് നേരം മുക്കുക.<br><br>കൃഷിയിടങ്ങളിൽ ഒരു സെന്റിന് മൂന്നുകിലോ വീതം കുമ്മായം മണ്ണിൽ ചേർത്തിളക്കുക. ട്രൈക്കോഡെർമ, സ്യൂഡോമോണസ് എന്നീ ജീവാണുക്കൾ ഉപയോഗിക്കുക.<br><br>രോഗം ബാധിച്ച ചെടികൾ മുറിച്ചു വെള്ളത്തിൽ മുക്കിയാൽ മുറിവിൽ നിന്നും നേർത്ത വെളുത്ത ബാക്റ്റീരിയൽ ലായനി നൂലുപോലെ പുറത്തു വരുന്നത് കാണാം. അവ പിഴുതുമാറ്റി ഒരുശതമാനം വീര്യമുള്ള ബോഡോമിശ്രിതം കൊണ്ട് തടം കുതിർക്കുക. |
| കശുമാവ് | വിവിധ ഘട്ടം | പൂപ്പൽ രോഗങ്ങൾ | മുൻകരുതലായി ഒരു ശതമാനം വീര്യമുള്ള ബോർഡോ മിശ്രിതത്തിൽ പശ ചേർത്ത് ചേർത്ത് തളിക്കുക.<br><br>രോഗ ലക്ഷണം കാണുകയാണെങ്കിൽ രോഗം ബാധിച്ച കമ്പുകൾ മുറിച്ചു മാറ്റി മുറിച്ച ഭാഗത്തുനിന്ന് 15 സെ, മീ വരെ നീളത്തിൽ പശ ചേർത്ത് തയ്യാറാക്കിയ ബോഡോ കുഴമ്പ് പുരട്ടുക. |

| | | | |
|---|---|---|---|
| കവുങ്ങ് | വിവിധ ഘട്ടം | തല ചീയൽ/ മഹാളി  | 1% ബോഡോ മിശ്രിതമോ 0.03% കോപ്പർ ഓക്സീ ക്ലോറൈഡോ തളിക്കുക. കൂടാതെ 0.5% ബോറക്സും തളിക്കുക<br>ഓരോ കവുങ്ങിൻ തടത്തിലും 1 കിഗ്രാം വീതം കുമ്മായം ചേർക്കുക.<br>രണ്ടാഴ്ച കഴിഞ്ഞു കവുങ്ങൊന്നിന് തടത്തിൽ 100ഗ്രാം ബോറാക്സ്, 250ഗ്രാം മഗ്നീഷ്യം സൾഫേറ്റ്, എന്നിവ ചേർത്ത് മണ്ണുമായി യോജിപ്പിക്കുക. |
| കോഴി | വിവിധ ഘട്ടം | അണുബാധ | കൂടുകളുടെ തറയിൽ ഈർപ്പം നിലനിൽക്കാൻ അനുവദിക്കരുത് ഈർപ്പം നിലനിന്നാൽ തറയിൽ വീഴുന്ന കാഷ്ഠത്തിൽ നിന്നും അമോണിയ വാതകം പുറത്തേക്കു വമിക്കും.. അത് കോഴികളുടെ ആരോഗ്യത്തിനെ പ്രതികൂലമായി ബാധിക്കും |

ഒപ്പ്/-
നോഡൽ ഓഫീസർ
ഗ്രാമീണ കൃഷി കാലാവസ്ഥ സേവ പദ്ധതി